# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ചിറ്റുമല ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-KLM.P4/554/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 20/06/2022
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചിറ്റുമല ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : ചിറ്റുമല ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചിറ്റുമല ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1. കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ, കൊല്ലം
3. കാര്യാലയ പകർപ്പ്

നമ്പർ: KSA-KLM.P4/554/22 തീയ്യതി: 20/06/2022

## കൊല്ലം ജില്ലയിലെ ചിറ്റുമല ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ ചിറ്റുമല ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 23-02-2020 മുതൽ 28-01-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 13 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. മാത്യൂ റോയി കെ.പി. | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 22-02-2022 | 02-03-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 22-02-2022 | 02-03-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി മഞ്ജുള സാഗർ, അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി അമ്പിളി ജി., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. അരുൺജിത്ത് ജി., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി രാജശ്രീ സി.ആർ., ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീ. എം.എസ്. അനിൽകുമാർ | സെക്രട്ടറി | 01-04-2019 | 11-02-2020 |
| ശ്രീ. ജ്യോതി കുമാർ | സെക്രട്ടറി | 12-02-2020 | 24-02-2020 |
| ശ്രീ. ബി.രാധാകൃഷ്ണ പിള്ള | സെക്രട്ടറി | 25-02-2020 | 31-03-2020 |
| ശ്രീ. സി. സന്തോഷ് | പ്രസിഡന്റ് | 01-04-2019 | 18-11-2019 |
| ശ്രീമതി സിന്ധു മോഹൻ | പ്രസിഡന്റ് | 19-11-2019 | 07-12-2019 |
| ശ്രീ. പി.ബാബു | പ്രസിഡന്റ് | 09-12-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. കൽപ്പന ടി.എ. | അസി.ഡയറക്ടർ ഓഫ് അഗ്രികൾച്ചർ | 01-04-2019 | 31-03-2020 |
| ഡോ. പുഷ്പലത | മെഡിക്കൽ ഓഫീസർ, (സി.എച്ച്.സി.) | 01-04-2019 | 08-05-2019 |
| ഡോ. അനിതാ കെ.കുമാർ | മെഡിക്കൽ ഓഫീസർ, (സി.എച്ച്.സി.) | 09-05-2019 | 31-05-2019 |
| ഡോ. പുഷ്പലത | മെഡിക്കൽ ഓഫീസർ, (സി.എച്ച്.സി.) | 01-06-2019 | 10-07-2019 |
| ഡോ. അനിതാ കെ.കുമാർ | മെഡിക്കൽ ഓഫീസർ, (സി.എച്ച്.സി.) | 11-07-2019 | 31-03-2020 |
| ശ്രീമതി കവിതാ പി.ആർ | സി.ഡി.പി.ഒ. അഞ്ചാലുംമൂട് | 01-04-2019 | 30-03-2020 |
| ശ്രീമതി സുഷമാ കെ. | സിഡി.പി.ഒ.,ചിറ്റുമല | 01-04-2019 | 30-03-2020 |
| ശ്രീമതി. മഞ്ജു ഒ.ബി. | ഡയറി എക്സ്റ്റെൻഷൻ ഓീസർ | 01-04-2019 | 05-09-2019 |
| ശ്രീമതി അനീഷാ എ. | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 05-09-2019 | 31-03-2020 |
| ശ്രീ. സന്തോഷ് കുമാർ | സൂപ്രണ്ട്, ഓൾഡ് ഏജ് ഹോം | 01-04-2019 | 31-03-2020 |
| ശ്രീമതി ഷൈജാ ബി. | അസി.എക്സി.എഞ്ചിനീയർ | 01-04-2019 | 06-09-2019 |
| ശ്രീമതി സീന ജെറോം | അസി.എക്സി. എഞ്ചിനീയർ | 07-09-2019 | 02-10-2019 |
| ശ്രീമതി ഹസീന എ. | അസി. എക്സി. | 03-10-2019 | 31-03-2020 |

| | | | |
|---|---|---|---|
| | എഞ്ചിനീയർ | | |
| ശ്രീ. നജീബ് എ. | അസി. എഞ്ചിനീയർ | 01-04-2019 | 30-04-2019 |
| ശ്രീമതി ലക്ഷ്മി മോഹൻലാൽ | അസി. എഞ്ചിനീയർ ചാർജ് | 01-05-2019 | 17-07-2019 |
| ശ്രീമതി പ്രിയ കെ.ജി. | അസി. എഞ്ചിനീയർ | 18-07-2019 | 31-03-2020 |
| ശ്രീമതി സിബി. എ.ജി. | എസ്.സി.ഡവലപ്മെന്റ് ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ. ബിന്ദു ഡി.എസ്. | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീ. കണ്ണനുണ്ണി | ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Rajasree.C.R (Auditor, On 05-03-2022)<br>Last Updated By: Naseer S (Computer Assistant, On 08-06-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Rajasree.C.R (Auditor, On 05-03-2022)<br>Last Updated By: Naseer S (Computer Assistant, On 08-06-2022) | 1-2 |
| 3 | വാർഷികകണക്കുകളിലെ അപാകതകൾ<br>Written By: G.Ambili (Senior Grade Auditor, On 07-03-2022)<br>Last Updated By: Naseer S (Computer Assistant, On 18-06-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Rajasree.C.R (Auditor, On 05-03-2022)<br>Last Updated By: Naseer S (Computer Assistant, On 18-06-2022) | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം<br>Written By: Rajasree.C.R (Auditor, On 05-03-2022)<br>Last Updated By: Naseer S (Computer Assistant, On 08-06-2022) | 1-4 |
| 6 | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് അപാകതകൾ<br>Written By: G.Ambili (Senior Grade Auditor, On 08-06-2022)<br>Last Updated By: Naseer S (Computer Assistant, On 18-06-2022) | 1-4-1 |
| 7 | പദ്ധതി അവലോകനം<br>Written By: Rajasree.C.R (Auditor, On 05-03-2022)<br>Last Updated By: Naseer S (Computer Assistant, On 08-06-2022) | 1-5 |
| 8 | ക്യാഷ് പരിശോധന<br>Written By: Rajasree.C.R (Auditor, On 05-03-2022)<br>Last Updated By: Naseer S (Computer Assistant, On 08-06-2022) | 1-6 |
| 9 | ആഭ്യന്തരനിയന്ത്രണം<br>Written By: Rajasree.C.R (Auditor, On 05-03-2022)<br>Last Updated By: Naseer S (Computer Assistant, On 20-06-2022) | 1-7 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Rajasree.C.R (Auditor, On 05-03-2022)<br>Last Updated By: Naseer S (Computer Assistant, On 20-06-2022) | 1-8 |
| 11 | വാടക പിരിവിലെ അപാകതകൾ<br>Written By: Manjula Sagar (Asst. Audit Officer, On 18-06-2022)<br>Last Updated By: Manjula Sagar (Asst. Audit Officer, On 18-06-2022) | 1-9 |
| 12 | വാടക- കുടിശ്ശിക ഈടാക്കാനവശേഷിക്കുന്നു.<br>Written By: Rajasree.C.R (Auditor, On 08-03-2022)<br>Last Updated By: Naseer S (Computer Assistant, On 18-06-2022) | 1-9-1 |
| 13 | എല്ലാ കടമുറികളിൽനിന്നും വാടക ഈടാക്കുന്നില്ല.<br>Written By: Rajasree.C.R (Auditor, On 13-03-2022)<br>Last Updated By: Naseer S (Computer Assistant, On 10-06-2022) | 1-9-2 |
| 14 | സബ്‌രജിസ്ട്രാർ ഓഫീസ് - വാടക നൽകാതെ പ്രവർത്തിക്കുന്നു<br>Written By: Rajasree.C.R (Auditor, On 13-03-2022)<br>Last Updated By: Naseer S (Computer Assistant, On 18-06-2022) | 1-9-3 |
| 15 | ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി അനുവദിച്ച തുകകളുടെ വിനിയോഗ വിവരം ലഭ്യമല്ല<br>Written By: Arunjith G (Senior Grade Auditor, On 11-03-2022)<br>Last Updated By: Naseer S (Computer Assistant, On 09-06-2022) | 1-10 |
| 16 | എന്റർപ്രൈസ് ഫെസിലിറ്റേഷൻ സെന്ററിന്റെ പ്രവർത്തനവിവരം ലഭ്യമല്ല<br>Written By: Arunjith G (Senior Grade Auditor, On 11-03-2022)<br>Last Updated By: Naseer S (Computer Assistant, On 18-06-2022) | 1-11 |
| 17 | വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 1-12 |

| | | |
|---|---|---|
| | Written By: Arunjith G (Senior Grade Auditor, On 11-03-2022)<br>Last Updated By: Naseer S (Computer Assistant, On 09-06-2022) | |
| 18 | വാർഷികപദ്ധതി പ്രകാരമുള്ള പ്രോജക്ടുകളുടെ ചെലവ് വിവരം ഉൾപ്പെടുന്ന സുലേഖ എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ തനത്ഫണ്ടിൽനിന്നും വിവിധ പ്രോജക്ടുകൾക്കായി നടത്തിയ ചെലവുകൾ ഉൾപ്പെട്ടുകാണുന്നില്ല.<br>Written By: Arunjith G (Senior Grade Auditor, On 11-03-2022)<br>Last Updated By: Naseer S (Computer Assistant, On 18-06-2022) | 1-13 |
| 19 | സബ്സിഡി മാർഗ രേഖ പ്രകാരം അനുവദനീയമല്ലാത്ത പ്രോജക്ടുകൾ നടപ്പിലാക്കി<br>Written By: G.Ambili (Senior Grade Auditor, On 07-03-2022)<br>Last Updated By: Naseer S (Computer Assistant, On 18-06-2022) | 1-14 |
| 20 | കന്നുകുട്ടി പരിപാലനം - വാങ്ങിയ ബില്ലിംഗ് മെഷീനുകൾ മൃഗാശുപത്രിക്ക് വിതരണം ചെയ്തിട്ടില്ല.<br>Written By: G.Ambili (Senior Grade Auditor, On 07-03-2022)<br>Last Updated By: Naseer S (Computer Assistant, On 18-06-2022) | 1-15 |
| 21 | കുണ്ടറ താലൂക്ക് ആശുപത്രിയ്ക്ക് മരുന്നുകൾ വാങ്ങുന്നതിന് ഒടുക്കിയ തുകയ്ക്ക് ആനുപാതികമായി മരുന്നുകൾ ലഭിച്ചിട്ടില്ല<br>Written By: Arunjith G (Senior Grade Auditor, On 11-03-2022)<br>Last Updated By: Naseer S (Computer Assistant, On 09-06-2022) | 1-16 |
| 22 | വിതരണ രേഖകൾ ലഭ്യമാക്കിയില്ല- ചെലവ് തുക തടസ്സപ്പെടുത്തുന്നു<br>Written By: Arunjith G (Senior Grade Auditor, On 11-03-2022)<br>Last Updated By: Naseer S (Computer Assistant, On 09-06-2022) | 1-17 |
| 23 | തുക ചെലവഴിച്ച രണ്ടു വർഷം കഴിഞ്ഞിട്ടും കമ്പ്യൂട്ടർ ലഭ്യമായില്ല<br>Written By: Rajasree.C.R (Auditor, On 14-06-2022)<br>Last Updated By: Naseer S (Computer Assistant, On 18-06-2022) | 1-18 |
| 24 | വജ്രജൂബിലി ഫെലോഷിപ്പ് കലാകരൻമാർക്ക് ഫെലോഷിപ്പ്-മാനദണ്ഡങ്ങൾ പാലിച്ചില്ല<br>Written By: Manjula Sagar (Asst. Audit Officer, On 22-03-2022)<br>Last Updated By: Naseer S (Computer Assistant, On 09-06-2022) | 1-19 |
| 25 | തുല്യതാ പഠനം -രേഖകൾഹാജരാക്കിയില്ല<br>Written By: Manjula Sagar (Asst. Audit Officer, On 22-03-2022)<br>Last Updated By: Naseer S (Computer Assistant, On 09-06-2022) | 1-20-1 |
| 26 | രേഖകൾ ഹാജരാക്കിയില്ല.<br>Written By: Manjula Sagar (Asst. Audit Officer, On 22-03-2022)<br>Last Updated By: Naseer S (Computer Assistant, On 09-06-2022) | 1-20-2 |
| 27 | ലൈഫ് ഭവന പദ്ധതി - ബ്ലോക്ക് പഞ്ചായത്ത് വിഹിതം നൽകൽ - ഗ്രാമപഞ്ചായത്തുകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല<br>Written By: Manjula Sagar (Asst. Audit Officer, On 22-03-2022)<br>Last Updated By: Naseer S (Computer Assistant, On 09-06-2022) | 1-20-3 |
| | **ഭാഗം 2** | |
| 1 | വാടക പിരിവിലെ അപാകതകൾ - എല്ലാ കടമുറികളിൽനിന്നും വാടക ഈടാക്കുന്നില്ല.<br>Written By: Naseer S (Computer Assistant, On 09-06-2022)<br>Last Updated By: Naseer S (Computer Assistant, On 18-06-2022) | 2-1 |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Rajasree.C.R (Auditor, On 06-03-2022) | 4-1 |

| | | |
|---|---|---|
| | Last Updated By: Naseer S (Computer Assistant, On 09-06-2022) | |
| 2 | സംയുക്തപ്രോജക്കുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Rajasree.C.R (Auditor, On 06-03-2022)<br>Last Updated By: Naseer S (Computer Assistant, On 09-06-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Rajasree.C.R (Auditor, On 06-03-2022)<br>Last Updated By: Naseer S (Computer Assistant, On 09-06-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Rajasree.C.R (Auditor, On 06-03-2022)<br>Last Updated By: Naseer S (Computer Assistant, On 09-06-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Rajasree.C.R (Auditor, On 06-03-2022)<br>Last Updated By: Naseer S (Computer Assistant, On 09-06-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Rajasree.C.R (Auditor, On 06-03-2022)<br>Last Updated By: Naseer S (Computer Assistant, On 09-06-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Rajasree.C.R (Auditor, On 06-03-2022)<br>Last Updated By: Naseer S (Computer Assistant, On 09-06-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Rajasree.C.R (Auditor, On 06-03-2022)<br>Last Updated By: Naseer S (Computer Assistant, On 09-06-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Rajasree.C.R (Auditor, On 06-03-2022)<br>Last Updated By: Naseer S (Computer Assistant, On 09-06-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Rajasree.C.R (Auditor, On 06-03-2022)<br>Last Updated By: Naseer S (Computer Assistant, On 18-06-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Rajasree.C.R (Auditor, On 06-03-2022)<br>Last Updated By: Naseer S (Computer Assistant, On 10-06-2022) | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധ പത്രികകൾ | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

28.02.2019 തീയതിയിലെ 1 (1) തീരുമാനപ്രകാരം അംഗീകരിച്ചു.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.20 | 27.07.2020 | - | - |

### 1-2-1 വാർഷികകണക്കുകളിലെ അപാകതകൾ

1) സുലേഖാ സ്റ്റേറ്റ് മെന്റ് പ്രകാരം ഗുണഭോക്തൃവിഹിതമിനത്തിൽ ചെലവില്ല. എന്നാൽ വാർഷികകണക്കുകൾ പ്രകാരം ഗുണഭോക്തൃവിഹിതമിനത്തിൽ 1470000/- രൂപ വരവും 80,000/-രൂപ നീക്കുബാക്കിയും ഉണ്ട്. അതായത് 13,90,000/- രൂപയുടെ ചെലവ് സുലേഖാ സ്റ്റേറ്റ്മെന്റിൽ വന്നിട്ടില്ല.

2) വാർഷിക കണക്കുകൾ പ്രകാരം സംയുക്ത പ്രോജക്ടിന വേണ്ടിയുള്ള ഹെഡിൽ (320700204) 738500/- രൂപയുടെ ചെലവും 320700205 എന്ന ഹെഡിൽ 50,000/-രൂപയുടെ ചെലവും ഉണ്ട്. എന്നാൽ സുലേഖാ സ്റ്റേറ്റ്മെന്റ് പ്രകാരം സംയുക്ത പ്രോജക്ടിന വേണ്ടിയുള്ള ഹെഡിൽ ചെലവ് നടന്നിട്ടില്ല.

3) പേരയം സർവ്വീസ് സഹകരണബാങ്കിന്റെ 3194 നമ്പർ അക്കൗണ്ടിന്റെ 2020 മാർച്ചിലെ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം Cheques Issued But Not Presented To Bank ആയി കാണിച്ചിരിക്കുന്ന 2000/- രൂപാ നാളിതുവരെ ബാങ്ക് അക്കൗണ്ടിൽ നിന്ന് പിൻവലിച്ചിട്ടില്ല. ആയത് സ്റ്റെയിൽ ചെക്കായി ചേർത്തിട്ടില്ല.

4) ബ്ലോക്ക് പഞ്ചായത്തിലെ വാടക രജിസ്റ്റർ പ്രകാരം കടമുറി വാടകയ്ക്ക് നൽകിയതിന്റെ ഡെപ്പോസിറ്റ് തുക 792500/-രൂപയാണ്. എന്നാൽ വാർഷികകണക്കുകൾ പ്രകാരം 597500/-രൂപായാണ് എഫ്.ഡി. ബാങ്ക് അക്കൗണ്ടിന്റെ നീക്കുബാക്കിയായി കാണിച്ചിരിക്കുന്നത്.

5) ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സായി കാണിച്ചിരിക്കുന്ന 3950713/-രൂപയുടെ ചെലവു വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

6) IAY യ്ക്ക് വേണ്ടിയുള്ള യൂണിയൻ ബാങ്ക് അക്കൗണ്ടിൽ 2497580/- രൂപാ നീക്കുബാക്കിയുണ്ട്. എന്നാൽ ആയത് ബി 4 ലെ ലയബിലിറ്റി ഹെഡിൽ ഉൾപ്പെടുത്തിയിട്ടില്ല.

7) TSCയുടെ ലയബിലിറ്റി ആയി ബി 4 ൽ ചേർത്തിരിക്കുന്നത് 599305/- രൂപയാണ്. എന്നാൽ റ്റി.എസ്.സിയുടെ ബാങ്ക് അക്കൗണ്ടിന്റെ നീക്കുബാക്കി 1829582/- രൂപയാണ്.

8) MGNREGS ന വേണ്ടിയുള്ള കേരളപുരം ഇന്ത്യൻ ബാങ്കിന്റെ 772786356 നമ്പർ അക്കൗണ്ട് വാർഷികകണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല.

9) വാർഷിക കണക്കുകളിൽ വാടക ഡിമാന്റും വരവും ചെലവും നീക്കുബാക്കിയും രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല.

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 8613593/- രൂപ |
| വരവ് | 62926570/- രൂപ |

| | |
|---|---|
| ആകെ | 71540163/- രൂപ |
| ചെലവ് | 59879403/- രൂപ |
| നീക്കിയിരിപ്പ് | 11660760/- രൂപ |
| വരവ് നഷ്ടം | 148800/- രൂപ |
| തടസ്സപ്പെടുത്തിയ തുക | 9666247/- രൂപ |
| നിരാകരിച്ച തുക | 0/- രൂപ |

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ്/ ലാപ്പ്സായ തുക ₹ | കുറിപ്പ് ക്യൂബിൽ തുക |
|---|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 46849000 | 46849000 | 26714715 | 20134285 | |
| വികസനഫണ്ട് (എസ്.സി.പി) | 0 | 19809000 | 19809000 | 14447983 | 5361017 | |
| മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) | 0 | 6124000 | 6124000 | 3692651 | 2431349 | |
| മറ്റ് ഗ്രാന്റുകൾ | 0 | 201701 | 201701 | 0 | 201701 | |
| പി.എ.വൈ Ad | 12660 | 21090 | 33750 | 33530 | 220 | |
| ഐ.എ.വൈ Cent | 58831 | 2027 | 60858 | 60487 | 371 | |
| ശുചിത്വ മിഷൻ | 2132046 | 80455 | 2212501 | 382919 | 1829582 | |
| ഐ.ഡബ്ല്യ.എം.പി. | 6132 | 2514904 | 2521036 | 36 | 2521000 | |
| സാക്ഷരത | 251090 | 10044 | 261134 | 0 | 261134 | |
| എം.പി.എ.എൽ.എ.ഡി. | 100737 | 6539108 | 6639845 | 5382841 | 1257004 | |
| എം.എൽ.എ. എസ്.ഡി.എഫ്. | 87368 | 3032 | 90400 | 0 | 90400 | |
| കേരളോത്സവം | 0 | 60000 | 60000 | 60000 | 0 | |
| ഐ.എ.വൈ. | 2852474 | 575021 | 3427495 | 930506 | 2496989 | |

### 1-4-1 ഗ്രാന്റ് സ്റ്റേറ്റ്മെന്റ് അപാകതകൾ

ഗ്രാന്റ് സ്റ്റേറ്റ്മെന്റ് വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (രൂപ) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (രൂപ) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 115 | 119755988 | 53 | 44855349 | 62 | 0 | 46.09 |

## 1-6 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.02.22 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസ് ഇല്ലയെന്ന് ബോധ്യപ്പെട്ടു.

## 1-7 ആഭ്യന്തരനിയന്ത്രണം

കേരളാ പഞ്ചായത്തീരാജ് അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരം വ്യക്തമായ അക്കൗണ്ടിംഗ് സമ്പ്രദായം സ്വീകരിച്ചിട്ടുള്ള ബ്ലോക്ക്പഞ്ചായത്തിലെ എല്ലാ ഫ്രണ്ട് ഓഫീസ് വരവുകളും പ്രിന്റഡ് രസീതി നൽകിയാണ് സ്വീകരിക്കുന്നത്.

പ്രതിദിന കളക്ഷൻ തൊട്ടടുത്ത ദിവസം തന്നെ ഒടുക്കുവരുത്തുന്നുണ്ട്. സാംഖ്യ സോഫ്റ്റ് വെയർ മുഖേന കമ്പ്യൂട്ടർ രസീതുകൾ ഉപയോഗിച്ചാണ് ഫ്രണ്ട് ഓഫീസ് വരവുകൾ സ്വീകരിക്കുന്നത്. ജീവനക്കാരുടെ ശമ്പളം ഉൾപ്പെടെയുള്ള തുകകൾ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുന്നുണ്ട്.

ബ്ലോക്ക് പഞ്ചായത്തിന്റെ തനതു വരുമാന സ്രോതസ്സായ അഞ്ചാലുംമൂട് ഷോപ്പിംഗ് കോംപ്ലക്സിന്റെ വാടകയുടെ കുടിശ്ശിക പുതുക്കിയ പി.ഡബ്ല്യു.ഡി നിരക്കിൽ ഈടാക്കുന്നതിലും ഓരോ വർഷവും വാടകക്കാരുമായി കരാർ ചമയ്ക്കുന്നതിലും ഗുരുതരമായ അലംഭാവമാണ് ബ്ലോക്ക് പഞ്ചായത്ത് സ്വകരിക്കുന്നത്. വിശദവിവരം 1-9(1, 2, 3) ൽ ചേർക്കുന്നു.

ധനമിടപാടുകൾ സുതാര്യവും കുറ്റമറ്റതുമാക്കുന്നതിനും ബ്ലോക്ക്പഞ്ചായത്തിന്റെ വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് ബ്ലോക്ക്പഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ള ചുമതലകളും കർത്തവ്യങ്ങളും നല്ല രീതിയിൽ പര്യാപ്തമാക്കുന്നതിനുമായി അഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കേണ്ടതാണ്.

## 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 24.12.2021 | 2020-21 | ലഭ്യമാക്കിയിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 13.06.2019 | 2015-16 മുതൽ 2018-19 വരെ | 29.07.2019 |

## 1-9 വാടക പിരിവിലെ അപാകതകൾ

ബ്ലോക്കിന്റെ അധീനതയിലുള്ള അഞ്ചാലുമ്മൂട് ഷോപ്പിംഗ് കോംപ്ലക്സിലെ വാടക പിരിവിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

### 1-9-1 വാടക- കുടിശ്ശിക ഈടാക്കാനവശേഷിക്കുന്നു.

ചിറ്റുമല ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള അഞ്ചാലുംമൂട് ഷോപ്പിംഗ് കോംപ്ലക്സിൽ ഗ്രൗണ്ട് ഫ്ലോറിൽ 16 സ്ഥാപനങ്ങളും, ഫസ്റ്റ് ഫ്ലോറിൽ 3 സർക്കാർ സ്ഥാപനങ്ങൾ ഉൾപ്പടെ 6 സ്ഥാപനങ്ങളും ഷോപ്പിംഗ് കോംപ്ലക്സിനു പുറത്ത് 3 സ്ഥാപനങ്ങളും വാടകയ്ക്ക് പ്രവർത്തിക്കുന്നു. 20.05.2017 ലെ V(I) നമ്പർ തീരുമാന പ്രകാരം ബ്ലോക്ക് പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ച നിയമാവലി പ്രകാരമാണ് നിലവിലും കടമുറികൾ വാടകയ്ക്ക് നൽകിയിരിക്കുന്നത്. മുൻ വർഷങ്ങളിൽ വാടകയ്ക്ക് ഏടുത്ത വ്യക്തികൾ തന്നെ തുടർന്നുള്ള വർഷങ്ങളിലും വാടകയിൽ 5% വർദ്ധനവ് വരുത്തി കടമുറികൾ വാടകയ്ക്ക് എടുക്കുകയാണ് ചെയ്തിട്ടുള്ളത്. എന്നാൽ ഓരോ വർഷവും എല്ലാ വാടകക്കാരുമായും കരാർ പുതുക്കുന്നതിൽ ബ്ലോക്ക് പഞ്ചായത്ത് ഗുരുതരമായ അലംഭാവമാണ് കാണിച്ചിട്ടുള്ളത്. ബ്ലോക്ക് പഞ്ചായത്ത് കമ്മറ്റിയുടെ 18.09.2019 ലെ 6(1)നമ്പർ തീരുമാന പ്രകാരം വാടകയ്ക്ക് നൽകിയ കെട്ടിടങ്ങളുടെ വാടക, കരാർ പുതുക്കുന്നതിനനുസരിച്ച് നിലവിലുള്ള പി.ഡബ്ല്യു.ഡി. നിരക്കായ ച.മീറ്ററിന് 156/- രൂപ നിരക്കിൽ ഈടാക്കുന്നതിന് തീരുമാനിച്ചിരുന്നു. ചുവടെ പറയുന്ന വ്യക്തികൾ തൻവർഷം വാടക പുതുക്കിയ/പഴയ നിരക്കിൽ അടവാക്കുകയോ കരാർ പുതുക്കുകയോ ചെയ്തിട്ടില്ല.

| ക്രം നം. | പേര് | പഴയ വാടക നിരക്ക് | പുതിയ വാടക നിരക്ക് | അടവാക്കിയ വാടക | 2019-20 ലെ കുടിശ്ശിക | റിമാർക്ക്സ് |
|---|---|---|---|---|---|---|
| 7 | ജയദേവൻ | 3474.8 | 4349.55 | 38222.8 | 2624.25(874.75x3)+4349.55= 6973.8 | പഴയ നിരക്കിൽ 2/20 വരെ അടച്ചു. പുതിയ നിരക്കിൽ വാടക നൽകേണ്ടിയിരുന്നത് 12/2019 മുതൽ<br>കരാർ പുതുക്കിയിട്ടില്ല. |
| 14 | ജയശ്രീ | 3324 | 3619.98 | 19944 | 6x3324=19944 | കരാർ പുതുക്കിയിട്ടില്ല. കരാർ പുതുക്കേണ്ട തീയതി 9/20പുതിയ നിരക്കിൽ വാടക നൽകേണ്ടിയിരുന്നത് 9/2020മുതൽ |
| 4 | പ്രസ്സ് സെൻറർ ഫസ്റ്റ് ഫ്ലോർ | 410.55 | 3137.32 | 1231.65 | 9x410.55 =3694.95 | കരാർ പുതുക്കിയിട്ടില്ല. കരാർ പുതുക്കേണ്ട തീയതി 6/20പുതിയ നിരക്കിൽ വാടക നൽകേണ്ടിയിരുന്നത് 6/2020മുതൽ |
| 6 | സീനിയർ സിറ്റിസൺ ഫസ്റ്റ് ഫ്ലോർ | 428 | 3257.98 | 4320 | (428-360)x12 =816 +<br>2897.98 (3257.98-360) X4=11591.92<br>G.S.T.- 77.04x8= 616.32 | കരാർ പുതുക്കിയിട്ടില്ല. അവസാനമായി അടച്ചത് 3/2020 (360 രൂപ നിരക്കിൽ )<br>(4/19 മുതൽ 11/19 വരെ ജിഎസ്.ടി. അടച്ചിട്ടില്ല.) പുതിയ നിരക്കിൽ വാടക നൽകേണ്ടിയിരുന്നത് 12/2019 മുതൽ |
| 1 | സുന്ദരേശൻ പിള്ള | 4476.78 | 9556.75 | 53721.36 | (9556.75-4476.78)x 4 = 20319.88 | അടച്ചത് 3/2020 വരെ. പുതിയ നിരക്കിൽ വാടക നൽകേണ്ടിയിരുന്നത് 12/2019 മുതൽ |
| 2 | ക്ഷീരോൽ പാദക സഹകരണ | 4477.97 | 8910.72 | 53735.64 | 4432.75(8910.72-4477.97) X4= 17731 | അടച്ചത് 3/2020 വരെ. പുതിയ നിരക്കിൽ വാടക |

| | | | | | | |
|---|---|---|---|---|---|---|
| | സംഘം | | | | | നൽകേണ്ടിയിരുന്നത് 12/2019 മുതൽ |
| ആകെ | | | | | 81071.55 | |

തൻവർഷം 81071.55 രൂപ വാടകയിനത്തിലും 616.32 രൂപ ജി.എസ്.ടി. ഇനത്തിലും ഈടാക്കാൻ അവശേഷിക്കുന്നു. കുടിശിക ഈടാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയില്ല. വാടക കുടിശ്ശിക വരുത്തിയവർക്കെതിരെ നിയമാനുസൃതമായ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല എന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്. കുടിശ്ശിക തുക ഇതുമൂലം നഷ്ടമായാൽ, വർഷം തോറും വാടക കരാറിൽ എല്ലാ നിബന്ധനകളും രേഖപ്പെടുത്തലുകളും വരുത്തി കരാറുകൾ പുതുക്കുന്നതിനും വാടക കുടിശിക പലിശ സഹിതം ഈടാക്കുന്നതിനും, ചുമതലപ്പെട്ട ഉദ്യോഗസ്ഥനായ സെക്രട്ടറി ഉത്തരവാദിയാകുന്നതാണ്.

ഓഡിറ്റ് എൻക്വയറി നം.1/28.02.22

1-9-2 എല്ലാ കടമുറികളിൽനിന്നും വാടക ഈടാക്കുന്നില്ല.

അഞ്ചാലുംമൂട് ഷോപ്പിംഗ് കോംപ്ലക്സിലെ ഗ്രൗണ്ട് ഫ്ലോറിലുള്ള 10, 11, 12, 13, 16 കടമുറികൾ റൂറൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി എന്ന സ്ഥാപനത്തിന്റെ സെക്രട്ടറി വാടകയ്ക്ക് എടുത്തിട്ടുണ്ടെങ്കിലും ഓരോ കടമുറിയ്ക്കും പ്രത്യേകമായി കരാർ വെയ്ക്കാതെയും വാടക നൽകാതെയും, കരാർ പുതുക്കാതെയും ഒറ്റ കരാറും ഒരുമുറിയുടെ വാടകയും ആണ് അടവാക്കികൊണ്ടിരിക്കുന്നത്. ഇത് അംഗീകരിക്കാൻ കഴിയില്ല. 2010 മുതൽ നാളിതുവരെ ടി നാലു കടമുറികളുടെ വാടക ബ്ലോക്ക് പഞ്ചായത്തിന് ലഭ്യമായിട്ടില്ല. ലഭിക്കാനുള്ള വാടകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| വർഷം | വാടക നിരക്ക് (രൂപ) | നാലു കടമുറികളിൽ നിന്നും ഈടാക്കേണ്ടിയിരുന്ന തുക | അഭിപ്രായക്കുറിപ്പ് |
|---|---|---|---|
| 2010-11 | 1900 | 91200 | |
| 2011-12 | 1900 | 91200 | |
| 2012-13 | 1900 | 91200 | |
| 2013-14 | 2195 | 105360 | വാടക നിരക്ക് വർദ്ധനവ് |
| 2014-15 | 2305 | 110640 | 5% വാടക നിരക്ക് വർദ്ധനവ് |
| 2015-16 | 2420 | 116160 | 5% വാടക നിരക്ക് വർദ്ധനവ് |
| 2016-17 | 2541 | 121968 | 5% വാടക നിരക്ക് വർദ്ധനവ് |
| 2017-18 | 2810 | 134880 | 10.5% വാടക നിരക്ക് വർദ്ധനവ് |
| 2018-19 | 2950 | 141600 | 5% വാടക നിരക്ക് വർദ്ധനവ് |
| 2019-20 | 3100 | 148800 | 5% വാടക നിരക്ക് വർദ്ധനവ് |
| ആകെ | | 1153008 | |

തൻവർഷം നാലുകടമുറികളിൽ നിന്നും ഈടാക്കേണ്ടിയിരുന്ന തുകയായ 148800/- രൂപ വരവ് നഷ്ടമായി കണക്കാക്കുന്നു. ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ 18.9.2019 തീയതിയിലെ 6(1) നമ്പർ തീരുമാന പ്രകാരം വാടകയ്ക്ക് നൽകിയ കെട്ടിടങ്ങൾക്ക് നിലവിലുള്ള Pwd നിരക്കായ ച.മീറ്ററിന് 156/- രൂപ നിരക്കിൽ ഈടാക്കുന്നതിനും കരാർ കാലാവധി പുതുക്കുന്നതിനനുസരിച്ച് പുതിയ നിരക്കിൽ വാടക ഈടാക്കുന്നതിനും തീരുമാനിച്ചു. പ്രസ്തുത കടമുറികളുടെ പുതുക്കിയ വാടക നിരക്ക് ചുവടെ ചേർക്കുന്നു.

| റൂം നമ്പർ | പുതുക്കിയ നിരക്ക് |
|---|---|

| | |
|---|---|
| 10,11 | 5226 |
| 12,13 | 5435.04 |
| 16 | 6271.20 |

ബ്ലോക്ക്പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാന പ്രകാരം നിരവധി തവണ വാടകക്കാരന് കത്ത് നൽകിയിരുന്നുവെങ്കിലും നാളിതുവരെയും ഓരോ കടമുറിയ്ക്കും പ്രത്യേകം കരാറുകൾ വയ്ക്കുകയോ പുതുക്കിയ നിരക്കിൽ വാടക കുടിശ്ശിക സഹിതം ഒടുക്കു വരുത്തുകയോ ചെയ്തിട്ടില്ല. എന്നിട്ടും ടി കക്ഷിക്കെതിരെ യാതൊരു നിയമ നടപടികളും കൈക്കൊണ്ടിട്ടില്ല. ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ വീഴ്ചമൂലം ബ്ലോക്ക് പഞ്ചായത്ത് തനതുഫണ്ടിന് നഷ്ടമുണ്ടായിരിക്കുന്നു. വരവിനത്തിലുണ്ടായിട്ടുള്ള നഷ്ടം ഈടാക്കി ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 1/28.02.22

## 1-9-3 സബ്‌രജിസ്ട്രാർ ഓഫീസ് - വാടക നൽകാതെ പ്രവർത്തിക്കുന്നു

അഞ്ചാലംമൂട് ഷോപ്പിംഗ് കോംപ്ലക്സിലെ ഗ്രൌണ്ട്ഫ്ലോറിലെ റൂം നമ്പർ 15 ൽ പ്രവർത്തിക്കുന്ന സബ് രജിസ്ട്രാർ ഓഫീസിൽ നിന്നും നാളിതുവരെയും വാടക ഈടാക്കിയിട്ടില്ല. മുൻ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ടെങ്കിലും ടി വിഷയത്തിൽ നാളിതുവരെയും തുടർനടപടി സ്വീകരിക്കുകയോ വാടക ഒടുക്കുവരുത്തുകയോ ചെയ്തിട്ടില്ല. ബ്ലോക്ക് പഞ്ചായത്തുകമ്മിറ്റിയുടെ 12.2-13ലെ II (1) തീരുമാനപ്രകാരമാണ് സബ് രജിസ്ട്രാർ ഓഫീസിന് പി.ഡബ്ല്യു.ഡി നിരക്കിൽ വാടകയ്ക്ക് നൽകിയിട്ടുള്ളത്. 124.5 ച.മീ. വിസ്തീർണ്ണമുള്ള സബ് രജിസ്ട്രാർ ഓഫീസിന് പി.ഡബ്ല്യൂ.ഡി നിരക്കിൽ (156/ച.മീ.) പ്രതിമാസം ഈടാക്കേണ്ട വാടക തുക 19422/- രൂപയാണ്. ബ്ലോക്ക പഞ്ചായത്ത് സെക്രട്ടറിയുടെ 12.11.2020 ലെ സി4-2444/2020 നമ്പർ കത്ത് പ്രകാരം 2013 മുതൽ നാളിതുവരെയുള്ള കുടിശ്ശിക ഒടുക്കുവരുത്താൻ സബ് രജിസ്ട്രാർക്ക് കത്ത് നൽകിയതിന് കെട്ടിടം വാടകയ്ക്ക് എടുക്കുന്നതുമായി ബന്ധപ്പെട്ട് കെട്ടിടത്തിന്റെ ഏജ് സർട്ടിഫിക്കറ്റും, ഭൂമിമൂല്യ സാക്ഷ്യപത്രവും ലഭ്യമാക്കണമെന്ന് സബ് രജിസ്ട്രാർ ആവശ്യപ്പെട്ടു. ടി സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കുന്നതിന് തഹസീൽദാർ, താലൂക്ക് ഓഫീസ്, കൊല്ലം (സി4/1210/21 തീ. 23.11.21) നം സെക്രട്ടറി, കൊല്ലം കോർപ്പറേഷൻ, സോണൽ ഓഫീസിനും (സി4/1210/21 തീ. 25.8.21) കത്ത് നൽകി. കെട്ടിടത്തിന്റെ കാലപ്പഴക്കം നിർണ്ണയിച്ചുകൊണ്ടുള്ള ഏജ് സർട്ടിഫിക്കറ്റ് കൊല്ലം കോർപ്പറേഷനിൽനിന്നും 03.09.21 ലെ T2R1/2650/2021 പ്രകാരം ലഭ്യമായിട്ടുണ്ട്. ഭൂമിമൂല്യ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. ആയത് ലഭ്യമാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തി ഓരോ വർഷവും വാടക കരാർ പുതുക്കുകയോ പി.ഡബ്ല്യൂ.ഡി. നിരക്കിൽ വാടക ഈടാക്കുകയോ ചെയ്യുന്നില്ല. വാർഷിക കരാർ ചമച്ച് വാടക കുടിശിക ഈടാക്കി വിശദാംശം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 1/28.02.22

## 1-10 ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി അനുവദിച്ച തുകകളുടെ വിനിയോഗ വിവരം ലഭ്യമല്ല

സിഡിപിഒ ചിറ്റുമല നിർവ്വഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ അങ്കണവാടി പൂരക പോഷകാഹാരം എന്ന പ്രോജക്ട് ( നം.25 ) പ്രകാരം ആറ് ഗ്രാമപഞ്ചായത്തുകൾക്ക് ബ്ലോക്ക് പഞ്ചായത്ത് വികസനഫണ്ട് വിഹിതമായി ₹10,00,000/- (ബിൽനം. 01/2019-20, 05.09.2019, ബിൽ നം. 02/2019-20, 25.10.19 ) അനുവദിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തുകൾക്ക് തുകകൾ അനുവദിച്ചതിന്റെ വിവരവും തുകകളുടെ വിനിയോഗവിവരവും സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണകുറിപ്പിനുള്ള (നം.03/2019-20 28.02.22) മറുപടിയിൽ തുകകൾ അനുവദിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്.

| ഗ്രാമപഞ്ചായത്തിന്റെ പേര് | അനുവദിച്ച തുക ₹ | കുറിപ്പുകൾ |
|---|---|---|
| കുണ്ടറ | 1,50,000 | തുക വിനിയോഗിച്ചിട്ടില്ലായെന്ന് നിർവഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയിരിക്കുന്നു. |
| മൺട്രോതുരുത്ത് | 1,50,000 | തുക വിനിയോഗിച്ചിട്ടില്ലായെന്ന് നിർവഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയിരിക്കുന്നു. |
| തൃക്കരുവ | 1,50,000 | തുക വിനിയോഗിച്ചെന്ന് മറുപടി നല്കിയിട്ടുണ്ടെങ്കിലും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല |
| പെരിനാട് | 1,00,000 | തുക വിനിയോഗിച്ചെന്ന് മറുപടി നല്കിയിട്ടുണ്ടെങ്കിലും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല |
| പനയം | 3,00,000 | തുക വിനിയോഗിച്ചെന്ന് മറുപടി നല്കിയിട്ടുണ്ടെങ്കിലും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല |
| ഈസ്റ്റ് കല്ലട | 1,50,000 | തുക വിനിയോഗിച്ചെന്ന് മറുപടി നല്കിയിട്ടുണ്ടെങ്കിലും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല |

തുകകൾ വിനിയോഗിച്ചിട്ടില്ലാത്ത രണ്ട് സ്ഥാപനങ്ങൾക്ക് നല്കിയ വികസന ഫണ്ട് വിഹിതം തിരികെ ഈടാക്കി സർക്കാരിന്റെ സഞ്ചിത നിധിയിലേക്ക് ഒടുക്കി വിവരം അറിയിക്കേണ്ടതും മറ്റ് നാല് ഗ്രാമപഞ്ചായത്തുകളുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതുമാണ്. വിനിയോഗ സാക്ഷ്യപത്രങ്ങളുടെ അഭാവത്തിൽ ഈ ഇനത്തിൽ ചെലവഴിച്ച ₹10,00,000/- ടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗിക്കാത്ത തുക തിരികെ ഒടുക്കിയും ചെലവഴിച്ച തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയും തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-11 എന്റർപ്രൈസ് ഫെസിലിറ്റേഷൻ സെന്ററിന്റെ പ്രവർത്തനവിവരം ലഭ്യമല്ല

ഗ്രാമപഞ്ചായത്തുകളിലെ സംരംഭകത്വ ക്ലബ്ബുകളിൽ നിന്നും നിർദ്ദേശിക്കുന്ന സംരംഭകർക്ക് സംരംഭകത്വവികസനവുമായി ബന്ധപ്പെട്ട മേഖലകളിൽ വിശദവും സൂക്ഷ്മവുമായ പരിശീലനം നല്കുന്നതിനും പ്രോജക്ട് ഫീസിബിലിറ്റി, റിപ്പോർട്ട്, ബാങ്ക് എബിലിറ്റി, ലൈസൻസുകൾ സംബന്ധിച്ച ഉപദേശങ്ങൾ നല്കുന്നതിനുമായി ബ്ലോക്ക് പഞ്ചായത്തിൽ എന്റർപ്രൈസ് ഫെസിലിറ്റേഷൻ സെന്റർ സ്ഥാപിക്കുന്നതിനായി ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി പ്രോജക്ട് നം. 140/20 പ്രകാരം തനതുഫണ്ടിൽ നിന്ന് ₹45,637/- ചെലവഴിച്ചിട്ടുണ്ട്.

എന്റർപ്രൈസ് ഫെസിലിറ്റേഷൻ സെന്ററിലൂടെ നടത്തിയ പ്രവർത്തനങ്ങളുടെയും ഗ്രാമപഞ്ചായത്തുകളിലെ സംരംഭക ക്ലബ്ബുകളിലൂടെ നിർദ്ദേശിക്കപ്പെട്ട സംരംഭകരുടെ വിവരങ്ങൾ ആവശ്യപ്പെട്ടും, ഈ ആവശ്യത്തിലേക്കായി ഒരു കംപ്യൂട്ടർ, ഒരു എ4 പ്രിന്റർ എന്നിവ വാങ്ങുന്നതിനായി കെൽട്രോണിന് ₹45,637/- (ചെക്ക് നം. 2370025/16.12.19) നല്കിയതിനനുസരിച്ച് മേൽ ഉപകരണങ്ങൾ കൈപ്പറ്റി സ്റ്റോക്കിലെടുത്ത് ഇൻസ്റ്റാൾ ചെയ്തതിന്റെ വിവരവും ലഭ്യമാക്കുന്നതിന് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.05/2019-20 28.02.22) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഈ ഇനത്തിൽ നടത്തിയ ₹45,637/-ടെ ചെലവ് തടസ്സപ്പെടുത്തുന്നു. എന്റർപ്രൈസ് ഫെസിലിറ്റേഷൻ സെന്ററിന്റെ പ്രവർത്തന പുരോഗതിയും കംപ്യൂട്ടർ, പ്രിന്റർ എന്നിവയുടെ ഇൻസ്റ്റലേഷൻ വിവരങ്ങളും ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-12 വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

സിഡിപിഒ അഞ്ചാലുംമൂട് നിർവ്വഹണോദ്യോഗസ്ഥയായി പ്രോജക്ട് നം.24 പ്രകാരം പെരിനാട്

ഗ്രാമപഞ്ചായത്തിന് ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററിന് അഞ്ച് ലക്ഷം രൂപ ബ്ലോക്ക് പഞ്ചായത്ത് വികസന ഫണ്ട് വിഹിതം അനുവദിച്ചിട്ടുണ്ട് (ബിൽ നം. 01/2019-20 21.10.19, ബിൽ നം. 02/2019-20 06.11.19, അടങ്കൽ തുക –₹ 10,00,000/-) പെരിനാട് ഗ്രാമപഞ്ചായത്തിന് അനുവദിച്ച തുകയുടെ വിനിയോഗസാക്ഷ്യപത്രം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.4/2019-20 28.02.2022) ആകെ ₹3,21,329/- മാത്രമേ വിനിയോഗിച്ചിട്ടുള്ളുവെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിൽ നിന്നുള്ള വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ₹5,00,000/- ടെ ചെലവ് തടസ്സപ്പെടുത്തുന്നു. ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററിനായി അനുവദിച്ചതിൽ ചെലവഴിക്കാതെ പെരിനാട് ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ നിലനിർത്തിയിരിക്കുന്ന ₹1,78,671/- തിരികെ ഈടാക്കി സർക്കാരിന്റെ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് ഒടുക്കിയും ബാക്കി തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയും ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

1-13 വാർഷികപദ്ധതി പ്രകാരമുള്ള പ്രോജക്ടുകളുടെ ചെലവ് വിവരം ഉൾപ്പെടുന്ന സുലേഖ എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ തനത്ഫണ്ടിൽനിന്നും വിവിധ പ്രോജക്ടുകൾക്കായി നടത്തിയ ചെലവുകൾ ഉൾപ്പെട്ടുകാണുന്നില്ല.

വാർഷികപദ്ധതി പ്രകാരമുള്ള പ്രോജക്ടുകളുടെ ചെലവ് വിവരം ഉൾപ്പെടുന്ന സുലേഖ എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ തനത്ഫണ്ടിൽനിന്നും വിവിധ പ്രോജക്ടുകൾക്കായി നടത്തിയ ചെലവുകൾ ഉൾപ്പെട്ടുകാണുന്നില്ല.

പ്രോജക്ടുകളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട്നം. / പേര് | തനത്ഫണ്ടിൽനിന്നും വകയിരുത്തിയ തുക ₹ | ചെലവഴിച്ച തുക ₹ | സ്റ്റേറ്റ്മെന്റ് പ്രകാരം ചെലവ് ₹ | നിർവ്വഹണോദ്യോഗസ്ഥൻ |
|---|---|---|---|---|---|
| 1 | 140/20 എന്റർപ്രൈസ് ഫെസിലിറ്റേഷൻ സെന്റർ | 50,000/- | 45,637/- | 0 | ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ |
| 2 | 45/20 താത്കാലിക പാരാമെഡിക്കൽ സ്റ്റാഫിന് വേതനം | 4,08,000/- | 2,01,166/- | 0 | മെഡിക്കൽ ഓഫീസർ-സിഎച്ച്സി |

താത്കാലിക പാരാമെഡിക്കൽ സ്റ്റാഫിന് വേതനം നല്കുന്നതിന് 2020-21 സാമ്പത്തിക വർഷം പ്രോജക്ട് തയ്യാറാക്കിയിട്ടുമില്ല.

പ്രോജക്ടുകളുടെ ചെലവ് വിവരം ഉൾപ്പെടുത്താത്തതിനുള്ള കാരണം വിശദീകരിക്കുന്നതിന് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.06/2019-20 28.02.22) മറുപടി ലഭ്യമാക്കിയിട്ടില്ല. കണക്കുകളിലെ വ്യതിയാനത്തിനുള്ള കാരണം വിശദീകരിക്കേണ്ടതാണ്.

പദ്ധതി ചെലവുകളുടെ ആധികാരിക രേഖയായി സുലേഖ സ്റ്റേറ്റുമെന്റിനെ പരിഗണിക്കുന്നതിനാലും പദ്ധതി കണക്കുകൾ ആയതിനെ ആധാരമാക്കി തയ്യാറാക്കുന്നതിനാലും വാർഷിക പദ്ധതികളുടെ പുരോഗതി, ലക്ഷ്യം കൈവരിക്കൽ എന്നിവയക്ക് ആധികാരിക രേഖയായി സുലേഖ സ്റ്റേറ്റുമെന്റിലെ കണക്കുകളെ ആശ്രയിക്കുന്നതിനാലും ഇത്തരത്തിലെ വ്യതിയാനം പദ്ധതി

കണക്കുകളുടെ വിശ്വാസ്യതയെ സംശയിക്കുന്നതാണ്. ഈ വിഷയത്തിലേക്ക് ബ്ലോക്ക്പഞ്ചായത്ത് ഭരണസമിതിയുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു. വസ്തുനിഷ്ഠമായ വിശദീകരണം മറുപടിയോടൊപ്പം ലഭ്യമാക്കേണ്ടതാണ്.

1-14 സബ്സിഡി മാർഗ രേഖ പ്രകാരം അനുവദനീയമല്ലാത്ത പ്രോജക്ടുകൾ നടപ്പിലാക്കി

വെറ്ററിനറി സർജൻ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ സബ്സിഡി മാർഗ്ഗരേഖ പ്രകാരം അനുവദനീയമല്ലാത്ത താഴെ പറയുന്ന പ്രോജക്ട് മുൻകൂർ അനുമതി നേടാതെ നടപ്പിലാക്കി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ | പ്രോജക്ട് | അടങ്കൽ ₹ | ചെലവ് ₹ | ബിൽ നമ്പർ |
|---|---|---|---|---|
| 8/20 | ഗോട്ട് സാറ്റ് ലൈറ്റ് യൂണിറ്റ്(ജനറൽ) | 8,00,000/- | 2,40,000/- | 4/19-20/14-1-20-1,20,000/- |
| | | | | 14/19-20/3-2-20-80,000/- |
| | | | | 19-19-20/25-3-20-40,000/- |
| 14 | ഗോട്ട് സാറ്റ് ലൈറ്റ് യൂണിറ്റ്(എസ്,സി.പി) | 8,00,000/- | 4,20,000/- | 3/19-20/14-1-20-1,20,000/- |
| | | | | 10/19-20 /14-1-20-1,80,000/- |
| | | | | 13/19-20/3-2-20-1,20,000/- |
| 7/20 | ബീഫ് ക്ലസ്റ്റർ എസ്.സി.പി. | 4,50,000/- | 4,50,000/- | 1/19-20/11-11-19-90,000/- |
| | | | | 6/19-20/14-1-20-2,25,000/- |
| | | | | 9/19-20/14-1-20-1,35,000/- |
| 6 | ബീഫ് ക്ലസ്റ്റർ ജനറൽ | 9,00,000/- | 6,00,000/- | 2/19-20/11-11-19-2,70,000/- |
| | | | | 5/19-20/14-1-20-1,80,00/- |
| | | | | 8/19-20/14-1-20-1,50,000/- |
| | ആകെ | 2950000/- | 1710000/- | |

ആയതിന് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 17,10,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ആവശ്യമായ തുടർനടപടി സ്വീകരിച്ച് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ – 8/2-3-2022

തടസ്സപ്പെടുത്തിയ തുക - 17,10,000/- രൂപ

1-15 കന്നുകുട്ടി പരിപാലനം - വാങ്ങിയ ബില്ലിംഗ് മെഷീനുകൾ മൃഗാശുപത്രിക്ക് വിതരണം ചെയ്തിട്ടില്ല.

പ്രോജക്ട് – ബില്ലിംഗ് മെഷീൻ- കന്നുകുട്ടി പരിപാലനം
പ്രോജക്ട് നമ്പർ - 5/20

അടങ്കൽ – 95000/- രൂപ

ചെലവ് – 93100/- രൂപ

ബിൽ നമ്പർ – 7/19-20/27-11-19

ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ വരുന്ന മൃഗാശുപത്രികൾക്ക് ബില്ലിംഗ് മെഷീൻ നൽകാനായി ആവിഷ്കരിച്ച ബില്ലിംഗ് മെഷീൻ-കന്നുകുട്ടി പരിപാലനം എന്ന പദ്ധതി പ്രകാരം വാങ്ങിയ

മെഷീനുകൾ മൃഗാശുപത്രിക്ക് വിതരണം ചെയ്യാതെ എസ്.എൽ.ബി.പി അസിസ്റ്റന്റ് ഡയറക്ടർക്ക് ആണ് കൈമാറിയിരിക്കുന്നത്.

29-10-19 ലെ ജനറൽ കമ്മിറ്റിയുടെ 1(5) നമ്പർ തീരുമാനപ്രകാരം ലിമിറ്റഡ് ടെണ്ടർ ക്ഷണിച്ചതിൽ കുറഞ്ഞ നിരക്കായ 13300/-രൂപാ രേഖപ്പെടുത്തിയ ചിറ്റിലപ്പള്ളി ഏജൻസീസിന്റെ 16-11-19 തീയതിയിലെ CA 00238 നമ്പർ ഇൻവോയ്സ് പ്രകാരം 7 ബില്ലിംഗ് മെഷീൻ വാങ്ങി. ഈ മെഷീനുകൾ കാഫ് ഫീഡ് അസിസ്റ്റന്റ് ഡയറക്ടർക്ക് നൽകിയതായി ആണ് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ചിറ്റുമല ബ്ലോക്ക് പഞ്ചായത്തിലെ മൃഗാശുപത്രികൾക്കായി ബില്ലിംഗ് മെഷീനുകൾ കൈപ്പറ്റിയതായി ആണ് കാഫ് ഫീഡ് അസിസ്റ്റന്റ് ഡയറക്ടർ കൈപ്പറ്റ് രസീതിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ആയത് അംഗീകരിക്കുന്നില്ല. സബ്സിഡി മാർഗ്ഗരേഖ (സ.ഉ.(എം.എസ്. )

22/2018/ തസ്വഭവ തീ. 14-2-2018)പ്രകാരം അനുവദനീയമല്ലാത്ത പദ്ധതി നടപ്പിലാക്കിയതിന് മുൻകൂർ അനുമതി ലഭ്യമാക്കിയത് ഹാജരാക്കണമെന്നാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 93100/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ബില്ലിംഗ് മെഷീൻ ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന മൃഗാശുപത്രികൾക്ക് കൈമാറിയതിന്റെ രേഖകളും മുൻകൂർ അനുമതിയും ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ 8/19-20/2-2-22

തടസ്സപ്പെടുത്തിയ തുക - 93100/- രൂപ

1-16 കുണ്ടറ താലൂക്ക് ആശുപത്രിയ്ക്ക് മരുന്നുകൾ വാങ്ങുന്നതിന് ഒടുക്കിയ തുകയ്ക്ക് ആനുപാതികമായി മരുന്നുകൾ ലഭിച്ചിട്ടില്ല

മെഡിക്കൽ ഓഫീസർ (സി.ച്.സി) നിർവ്വഹണം നടത്തിയ പ്രോജക്ടുകളിലെ മരുന്നുകൾ വാങ്ങുന്നതിനായി അനുവദിച്ച തുകകൾക്കനുസൃതമായി താഴെ പറയുന്ന മരുന്നുകൾ ലഭ്യമായതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | പ്രോജക്റ്റ് നം & പേര് , ഫണ്ട് ഇനം | തുക കൈപ്പറ്റിയ സ്ഥാപനം | ട്രഷറി ബിൽ നം. തീയതി | നൽകിയ തുക ₹ | ലഭിച്ച മരുന്നുകളുടെ വില ₹ | ലഭിക്കാനുള്ള മരുന്നുകളുടെ വില ₹ |
|---|---|---|---|---|---|---|
| 1 | 35/20 കുണ്ടറ താലൂക്ക് ആശുപത്രി ക്ക് മരുന്ന് വാങ്ങൽ മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) | കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ | 17/04.03.20 | 190,173 | 188,901 | 1272 |
| 2 | 89/20 പാലിയേറ്റീവ് കെയർ -സെക്കന്ററി ഘട്ടം(മരുന്നുകൾ, ഉപകരണങ്ങൾ) വികസന ഫണ്ട് | ” | 02/09.05.19 | 30,954 | 0 | 30954 |

മരുന്നുകൾ ലഭിച്ചതിന്റെ വിവരം ബിൽ /സ്റ്റോക്ക് രജിസ്റ്റർ സഹിതം ലഭ്യമാക്കുന്നതിന് നല്കിയ ഓഡിറ്റ് അന്വേഷണകുറിപ്പിന്(നം. 9/ 2019-20 02.03.22) മറുപടി ലഭ്യമാക്കിയിട്ടില്ല. മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ച് മരുന്നുകളുടെ ലഭ്യത ഉറപ്പുവരുത്തി, സ്റ്റോക്ക് എൻട്രി നടത്തി വിവരം രേഖാമൂലം ലഭ്യമാക്കേണ്ടതാണ്.

1-17 വിതരണ രേഖകൾ ലഭ്യമാക്കിയില്ല- ചെലവ് തുക തടസ്സപ്പെടുത്തുന്നു

മെഡിക്കൽ ഓഫീസർ (സി.ച്ച്.സി) നിർവ്വഹണം നടത്തിയ "സാന്ത്വനവും കരുതലും"എന്ന പ്രോജക്ട് (നം. 42/20, ചെലവ് തുക ₹8,11,630/-), സ്പിൽ ഓവർ പ്രോജക്ട് (നം. 90/20 ചെലവ്തുക ₹1,19,910/-) പ്രകാരം സെക്കണ്ടറി പാലിയേറ്റീവ് കെയർ പ്രോജക്ടിൽ ഉൾപ്പെട്ട ഓരോ രോഗിക്കും ഓരോ മാസവും ഭക്ഷ്യധാന്യകിറ്റ് വിതരണം ചെയ്തിട്ടുണ്ട്. ചെലവ് വിവരങ്ങൾ താഴെ ചേർക്കുന്നു.

| ട്രഷറി ബിൽ നം | തീയതി | ഫണ്ട് ഇനം | തുക |
|---|---|---|---|
| ബിൽ നം.01/2019-20 | 09.05.19 | വികസന ഫണ്ട് | ₹1,19,910/- |
| ബിൽ നം.08/2019-20 | 23.09.19 | വികസന ഫണ്ട് | ₹3,70,713/- |
| ബിൽ നം.10/2019-20 | 11.11.19 | വികസന ഫണ്ട് | ₹1,39,406/- |
| ബിൽ നം.11/2019-20 | 26.12.19 | വികസന ഫണ്ട് | ₹2,81,711/- |
| ബിൽ നം.23/2019-20 | 06.03.20 | വികസന ഫണ്ട് | ₹6,600/- |
| ബിൽ നം.30/2019-20 | 30.03.20 | വികസന ഫണ്ട് | ₹13,200/- |

കിറ്റ് കൈപ്പറ്റിയ രോഗികളുടെ വിവരം, കിറ്റ് വിതരണവിവരം , കിറ്റിൽ ഉൾപ്പെട്ട സാധനങ്ങളുടെ വിവരം എന്നിവ ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണകുറിപ്പ് (നം. 9/2019-20 02.03.22) നല്കിയിരുന്നെങ്കിലും ബന്ധപ്പെട്ട രേഖകൾ ഹാജരാക്കിയിട്ടില്ല. പ്രസ്തുത രേഖകളുടെ അഭാവത്തിൽ ₹9,31,540/- ടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-18 തുക ചെലവഴിച്ച രണ്ടു വർഷം കഴിഞ്ഞിട്ടും കമ്പ്യൂട്ടർ ലഭ്യമായില്ല

മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി ഡേറ്റാ എൻട്രി ഓപ്പറേറ്റർ ഉപയോഗിച്ചു കൊണ്ടിരിക്കുന്ന കമ്പ്യൂട്ടർ കാലപ്പഴക്കം കാരണം മസ്റ്റർറോൾ എടുക്കുന്നതിനും മറ്റ് എം. ഐ. എസ്. ജോലികൾ ചെയ്യുന്നതിനും പ്രയാസം നേരിടുന്നതിനാൽ പദ്ധതി പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടു പോകാൻ പറ്റാത്ത സാഹചര്യമാണെന്ന് 19.11.2019 തീയതിയിലെ സി3/392/09 കത്ത് പ്രകാരം കൊല്ലം ജോയിന്റ് പ്രോഗ്രാം കോ-ഓർഡിനേറ്റർ & ജോയിന്റ് ഡവലപ്മെന്റ് കമ്മീഷണറെ അറിയിച്ചിരുന്നു. ഇതുപ്രകാരം മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ ഭരണ ചെലവിൽ ഉൾപ്പെടുത്തി കേരള ഇ-ഗവേണൻസ് ഐ.ടി. പ്രൊക്വയർമെന്റ് പോർട്ടൽ മുഖേന കമ്പ്യൂട്ടർ വാങ്ങുന്നതിന് അനുമതി ലഭിക്കുകയും ചെയ്തു. വാങ്ങൽ നടപടിയുടെ ഭാഗമായി കെൽട്രോൺ നൽകിയ പ്രോഫോർമ ഇൻവോയിസ് പ്രകാരം 42816/- രൂപ ആർടിജിഎസ് മുഖേന കെൽട്രോണിന് നൽകി. 19.03.2020 ൽ കുണ്ടറ സബ്ട്രഷറി വഴി 42816/- രൂപ കേരള ഐ.ടി. മിഷൻ അക്കൌണ്ട് നം. 799011400003959 ലേക്ക് ട്രാൻസ്ഫർ ചെയ്തിരുന്നു. ക്യാഷ് മുഖേന ട്രാൻസ്ഫർ ചെയ്തതിനാൽ ടി.ആർ. നമ്പറിനു പകരം സീക്വൻസ് നമ്പർ മാത്രമാണ് ലഭ്യമായതെന്നും അതിനാൽ വർക്ക് ഓർഡർ ജനറേറ്റ് ചെയ്യാൻ സാധിച്ചിട്ടില്ലയെന്നും ടി വിവരം കെൽട്രോണിനെ അറിയിച്ചിട്ടുണ്ടെന്നും ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ക്യാഷ് ട്രാൻസ്ഫർ ചെയ്തിട്ട് രണ്ടു വർഷം ആകാറായിട്ടും നാളിതുവരെയും കമ്പ്യൂട്ടർ ലഭ്യമായിട്ടില്ലാത്തതിനാൽ ചെലവ് തുക 42816/- രൂപ തടസ്സപ്പെടുത്തുന്നു. ഇതിന്മേൽ സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയില്ല. വർക്ക് ഓർഡൻ ജനറേറ്റ് ചെയ്യുന്നതിനുള്ള സാങ്കേതിക പ്രശ്നങ്ങൾ പരിഹരിച്ച് കമ്പ്യൂട്ടർ ലഭ്യമാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 10/02.03.22

1-19 വജ്രജൂബിലി ഫെലോഷിപ്പ് കലാകാരൻമാർക്ക് ഫെലോഷിപ്പ്-മാനദണ്ഡങ്ങൾ പാലിച്ചില്ല

| | |
|---|---|
| പദ്ധതി | എസ്.0062/20-<br>ചിറ്റുമല ബ്ലോക്ക് പഞ്ചായത്തിലേക്ക് വിന്യസിക്കപ്പെട്ട വജ്രജൂബിലി ഫെലോഷിപ്പ് |

| | |
|---|---|
| | കലാകരൻമാർക്ക് ഫെലോഷിപ്പ്. |
| അടങ്കൽ | 2,40,000/-രൂപ (വികസന ഫണ്ട് ) |
| ചെലവ് | 1,00,000/-രൂപ (ബിൽ നം.31/19-20,5.2.2020) |
| നിർവഹണം | സെക്രട്ടറി |

ചിറ്റുമല ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ അംഗീകരിക്കപ്പെട്ട പ്രതിഭാധനരായ കലാകാർക്ക് വജ്രജൂബിലി ഫെലോഷിപ്പ് നൽകാനായിരുന്ന പദ്ധതി ലക്ഷ്യമാക്കിയിരുന്നത്. ഇതിനായി 4 കലാകാരെ തെരഞ്ഞെടുത്തു. രേഷ്മ. ആർ, മങ്ക. ആർ. എസ്, നിതിൻ. എസ്. കുമാർ, ബൈജു നാണു എന്നീ കലാകാർക്ക് 5,000/- രൂപ വീതം 5 മാസത്തേക്കാണ് ഫെലോഷിപ്പ് നൽകിയത്.

പരിശീലകരുടേയും പരിശീലനാർത്ഥികളുടേയും ഹാജർ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനായ ബ്ലോക്ക് തല സമിതിയുടെ അവലോകന റിപ്പോർട്ട്, കലാ പരിശീലനത്തിനായി ഏതൊക്കെ കേന്ദ്രങ്ങൾ തെരഞ്ഞെടുത്തു, എത്ര /ഏതൊക്കെ ദിവസങ്ങളിൽ പരിശീലനം നടത്തി എന്നീ രേഖകളും, കലാകാരൻമാരുടെ പദ്ധതി പ്രവർത്തനം, ഹാജർ തുടങ്ങിയവ പരിശോധിച്ച് ജില്ലാ കോ-ഓർഡിനേറ്റർ നൽകുന്ന റിപ്പോർട്ട്, സാംസ്കാരിക വകുപ്പ് ഡയറക്ടറുടെ സാക്ഷ്യപ്പെടുത്തൽ എന്നിവയുടെ അടിസ്ഥാനത്തിലാണ് ഹോണറേറിയം അനുവദിക്കുന്നത്. എന്നാൽ സാസംസ്കാരിക വകുപ്പിന്റെ സാക്ഷ്യപത്രവും ജില്ലാ കോ-ഓർഡിനേറ്ററുടെ റിപ്പോർട്ടും അവലംബിച്ച് മാത്രമാണ് 5 മാസത്തെ തുക നൽകിയത്. മറ്റ് രേഖകൾ ലഭ്യമാക്കിയില്ല. ഇത് സംബന്ധിയായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല. മതിയായ രേഖകളുടെ അഭാവത്തിൽ ഈയിനത്തിൽ ചെലവഴിച്ച 1,00,000/-രൂപ തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് എൻക്വയറി നം. 11/ 2.3.2022

### 1-20-1 തുല്യതാ പഠനം -രേഖകൾഹാജരാക്കിയില്ല

| | |
|---|---|
| പദ്ധതി | എസ്.0011/20- 10,+1,+2- തുല്യത പഠിതാക്കൾക്ക് പഠന സഹായം. |
| അടങ്കൽ | 5,00,000/-രൂപ (വികസന ഫണ്ട് ) |
| ചെലവ് | 5,00,000/-രൂപ (ബിൽ നം.30/19-20,5.2.2020) |
| നിർവഹണം | സെക്രട്ടറി |

പത്താംതരം തുല്യതക്കായി 1850/-രൂപ വീതവും, പ്ലസ് വൺ തുല്യതയ്ക്കായി 2500/-രൂപ വീതവും, പ്ലസ് 2 തുല്യതക്കായി 2200/-രൂപ വീതവും ആണ് പഠിതാക്കൾക്ക് പഠന സഹായം എന്ന നിലയിൽ നൽകുന്നത്. ഹയർ സെക്കൻററി തുല്യതക്ക് 48 അപേക്ഷകളും പത്താംതരം തുല്യതക്ക് 52 അപേക്ഷകളുമാണ് ലഭ്യമാക്കിയിട്ടുള്ളത്. പ്ലസ് 2 തുല്യതക്ക് 40 പേരുടെ ലിസ്റ്റ് ഉണ്ടെങ്കിലും അപേക്ഷകൾ ഇല്ല. സംസ്ഥാന സാക്ഷരത മിഷൻ അപേക്ഷകരുടെ എണ്ണം പരാമർശിച്ച് നൽകുന്ന കത്ത് ലഭ്യമാക്കിയിട്ടില്ല. ഓരോ ക്ലാസിലും എത്രപേർക്ക വേണ്ടിയാണ് ഫീസ് ഒടുക്കിയതെന്ന് വ്യക്തമല്ല. ഹാജരാക്കിയ ഫയൽ പ്രകാരം എസ്.സി.പി വിഭാഗത്തിൽപെട്ട അപേക്ഷകരും ഉണ്ട്. ഇവർക്ക് വേണ്ടി തുക ഒടുക്കിയോയെന്ന് വ്യക്തമല്ല.ഇത് സംബന്ധിയായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല. മതിയായ രേഖകളുടെ അഭാവത്തിൽ ഈയിനത്തിൽ ചെലവഴിച്ച 5,00,000/-രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 11/2.3.2022

### 1-20-2 രേഖകൾ ഹാജരാക്കിയില്ല.

| | |
|---|---|
| പദ്ധതി | എസ്.0150/20-ബ്ലോക്കോഫീസിലേക്ക് ഇൻവെർട്ടർ സ്ഥാപിക്കൽ |

| | |
|---|---|
| അടങ്കൽ | 50,000/-രൂപ (മെയിൻറനൻസ് ഗ്രാൻറ് -നോൺറോഡ്) |
| ചെലവ് | 45,970/-രൂപ (ബിൽ നം.35/19-20,30.3.2020 |
| നിർവഹണം | സെക്രട്ടറി |

2019-20 വർഷം ബ്ലോക്ക് പഞ്ചായത്ത് ഓഫീസിലേക്ക് ഇൻവെർട്ടർ വാങ്ങി സ്ഥാപിക്കുന്നതിനായി വിഭാവനം ചെയ്ത പദ്ധതിയിൽ, 45,970/- രൂപ ചെലവഴിച്ച് ഇൻവെർട്ടർ വാങ്ങിയെങ്കിലും ഇൻവെർട്ടർ, സീരിയൽ നമ്പർ, സ്പെസിഫിക്കേഷൻ എന്നിവ രേഖപ്പെടുത്തി സ്റ്റോക്കിലെടുത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയതിന്റെ രേഖകൾ, സ്റ്റോക്ക് രജിസ്റ്റർ ഉൾപ്പെടെ ഓഡിറ്റിൽ പരിശോധനയ്ക്കായി ലഭ്യമാക്കിയില്ല. ഈ വിഷയത്തിൻമേൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയോ രേഖകളോ ഹാജരാക്കിയില്ല. സ്റ്റോക്ക് രജിസ്റ്റർ ഉൾപ്പെടെയുള്ള രേഖകൾ ഹാജരാക്കാത്തതിനാൽ ഈയിനത്തിൽ ചെലവഴിച്ച 45,970/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 11/ 2.3.2022

തടസ്സപ്പെടുത്തിയ തുക – 45,970/- രൂപ

1-20-3 ലൈഫ് ഭവന പദ്ധതി - ബ്ലോക്ക് പഞ്ചായത്ത് വിഹിതം നൽകൽ - ഗ്രാമപഞ്ചായത്തുകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല

| | |
|---|---|
| പദ്ധതി | എസ്.0013/20-ലൈഫ് ഭവന പദ്ധതി (എസ്.സി.പി) |
| അടങ്കൽ | 50,<br>29,400/- (വികസന ഫണ്ട്-എസ്.സി.പി) |
| ചെലവ് | 47,40,000/-രൂപ<br>(ബിൽ നം.8/19-20,12.6.2019, 1,100,000/-രൂപ,<br>ബിൽ നം.9/19-20,12.6.2019,2,40,000/-രൂപ<br>ബിൽ നം.21/19-20,26.10.2019, 1,000,000/-രൂപ,<br>ബിൽ നം.22/19-20, 26.10.2019, 8,00,000/-രൂപ,<br>ബിൽ നം.23/19-20, 26.10.2019, 6,00,000/-രൂപ,<br>ബിൽ നം.24/19-20, 26.10.2019, 1,000,000/-രൂപ) |
| നിർവഹണം | സെക്രട്ടറി |

ചിറ്റുമല ബ്ലോക്ക് പഞ്ചായത്തിലെ പനയം, മൺറോതുരുത്ത്, കുണ്ടറ, കിഴക്കേ കല്ലട എന്നീ ഗ്രാമപഞ്ചായത്തുകൾക്ക് ലൈഫ് ഭവന പദ്ധതിയുടെ വിഹിതം നൽകുന്നതിനായി ആവിഷ്കരിച്ച പദ്ധതിയിൽ ഓരോ ഗ്രാമപഞ്ചായത്തുകളിൽനിന്നും വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല.
വിനിയോഗ സാക്ഷ്യപത്രങ്ങൾ ഗ്രാമപഞ്ചായത്തുകൾ ലഭ്യമാക്കാത്ത സാഹചര്യത്തിൽ ഈ പദ്ധതിക്കായി ചെലവഴിച്ച 4,740,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രങ്ങൾ ഹാജരാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 11/2.3.2022

## ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

2-1 വാടക പിരിവിലെ അപാകതകൾ - എല്ലാ കടമുറികളിൽനിന്നും വാടക ഈടാക്കുന്നില്ല.

അഞ്ചാലുംമൂട് ഷോപ്പിംഗ് കോംപ്ലക്സിലെ ഗ്രൗണ്ട് ഫ്ലോറിലുള്ള 10, 11, 12, 13, 16 കടമുറികൾ റൂറൽ

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി എന്ന സ്ഥാപനത്തിന്റെ സെക്രട്ടറി വാടകയ്ക്ക് എടുത്തിട്ടുണ്ടെങ്കിലും ഓരോ കടമുറിയ്ക്കും പ്രത്യേകമായി കരാർ വെയ്ക്കാതെയും വാടക നൽകാതെയും, കരാർ പുതുക്കാതെയും ഒറ്റ കരാറും ഒരുമുറിയുടെ വാടകയും ആണ് അടവാക്കികൊണ്ടിരിക്കുന്നത്. ഇത് അംഗീകരിക്കാൻ കഴിയില്ല. 2010 മുതൽ നാളിതുവരെ ടി നാലു കടമുറികളുടെ വാടക ബ്ലോക്ക് പഞ്ചായത്തിന് ലഭ്യമായിട്ടില്ല. ലഭിക്കാനുള്ള വാടകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| വർഷം | വാടക നിരക്ക് (രൂപ) | നാലു കടമുറികളിൽ നിന്നും ഈടാക്കേണ്ടിയിരുന്ന തുക | അഭിപ്രായക്കുറിപ്പ് |
|---|---|---|---|
| 2010-11 | 1900 | 91200 | |
| 2011-12 | 1900 | 91200 | |
| 2012-13 | 1900 | 91200 | |
| 2013-14 | 2195 | 105360 | വാടക നിരക്ക് വർദ്ധനവ് |
| 2014-15 | 2305 | 110640 | 5% വാടക നിരക്ക് വർദ്ധനവ് |
| 2015-16 | 2420 | 116160 | 5% വാടക നിരക്ക് വർദ്ധനവ് |
| 2016-17 | 2541 | 121968 | 5% വാടക നിരക്ക് വർദ്ധനവ് |
| 2017-18 | 2810 | 134880 | 10.5% വാടക നിരക്ക് വർദ്ധനവ് |
| 2018-19 | 2950 | 141600 | 5% വാടക നിരക്ക് വർദ്ധനവ് |
| 2019-20 | 3100 | 148800 | 5% വാടക നിരക്ക് വർദ്ധനവ് |
| ആകെ | | 1153008 | |

തൻവർഷം നാലുകടമുറികളിൽ നിന്നും ഈടാക്കേണ്ടിയിരുന്ന തുകയായ 148800/- രൂപ വരവ് നഷ്ടമായി കണക്കാക്കുന്നു. ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ 18.9.2019 തീയതിയിലെ 6(1) നമ്പർ തീരുമാന പ്രകാരം വാടകയ്ക്ക് നൽകിയ കെട്ടിടങ്ങൾക്ക് നിലവിലുള്ള Pwd നിരക്കായ ച.മീറ്ററിന് 156/- രൂപ നിരക്കിൽ ഈടാക്കുന്നതിനും കരാർ കാലാവധി പുതുക്കുന്നതിനനുസരിച്ച് പുതിയ നിരക്കിൽ വാടക ഈടാക്കുന്നതിനും തീരുമാനിച്ചു. പ്രസ്തുത കടമുറികളുടെ പുതുക്കിയ വാടക നിരക്ക് ചുവടെ ചേർക്കുന്നു.

| റൂം നമ്പർ | പുതുക്കിയ നിരക്ക് |
|---|---|
| 10,11 | 5226 |
| 12,13 | 5435.04 |
| 16 | 6271.20 |

ബ്ലോക്ക്പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാന പ്രകാരം നിരവധി തവണ വാടകക്കാരന് കത്ത് നൽകിയിരുന്നുവെങ്കിലും നാളിതുവരെയും ഓരോ കടമുറിയ്ക്കും പ്രത്യേകം കരാറുകൾ വയ്ക്കുകയോ പുതുക്കിയ നിരക്കിൽ വാടക കുടിശ്ശിക സഹിതം ഒടുക്കു വരുത്തുകയോ ചെയ്തിട്ടില്ല. എന്നിട്ടും ടി കക്ഷിക്കെതിരെ യാതൊരു നിയമ നടപടികളും കൈക്കൊണ്ടിട്ടില്ല. ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ വീഴ്ചമൂലം ബ്ലോക്ക് പഞ്ചായത്ത് തനതുഫണ്ടിന് നഷ്ടമുണ്ടായിരിക്കുന്നു. വരവിനത്തിലുണ്ടായിട്ടുള്ള നഷ്ടം ഈടാക്കി ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 1/28.02.22

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 | 23.02.22 | കെ.എസ്.എ.കെ.എൽ.എം.പി.4/554/22 തീയതി – 08.06.2022 |

### 4-2 സംയുക്തപ്രോജക്കുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക്പഞ്ചായത്ത് | 2018-19 | 2543957 | PMAY | 738500 | 1805457 |
| " | 2018-19 | 60673 | PMAY | 50000 | 10673 |

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

### 4-5 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

### 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 792500 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 792500 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനംഅവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 792500 |

വർഷാവസാനംഅവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/പോസ്റ്റ് ഓഫീസ്....) | നിക്ഷേപിച്ച തീയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | പേരയം സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക് | 16.07.2013 | 72 മാസം | 135000 | ശ്രീ. ഓമനക്കുട്ടൻ പിള്ള (റൂം നം 6) |
| 2 | പേരയം സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക് | 13.08.2015 | 60 മാസം | 75000 | ശ്രീമതി. ഷീല, (വർക്ക്ഷെഡ്) |
| 3 | പേരയം സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക് | 16.07.2013 | 72 മാസം | 90500 | ഡി. ജോക്കബ് (റൂം നം 3) |
| 4 | പേരയം സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക് | 13.08.2015 | 60 മാസം | 60000 | ശ്രീ. രാജേഷ് കുമാർ (റൂം നം 9) |

| | | | | | |
|---|---|---|---|---|---|
| 5 | പേരയം സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക് | 13.08.2015 | 60 മാസം | 150000 | ശ്രീ. ബൈജു (റൂം നം 4) |
| 6 | പേരയം സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക് | 13.08.2015 | 60 മാസം | 25000 | ശ്രീ. സുന്ദരേശൻ പിള്ള (ഷെഡ്) |
| 7 | പേരയം സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക് | 19.10.2015 | 60 മാസം | 32000 | ശ്രീ. ഗോപകുമാർ (റൂം നം 8) |
| 8 | പേരയം സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക് | 08.10.2015 | 60 മാസം | 30000 | ശ്രീ. ഷിബുകുര്യക്കോസ് (റൂം നം 5) |
| 9 | പേരയം സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക് | 23.08.2017 | 36 മാസം | 195000 | ശ്രീ. ജയദേവൻ |
| ആകെ | | | | | 792500/- |

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ, തീയതി |
|---|---|---|---|---|
| 2008-09 | 3(1) | 5000/- | ജോൺസൺ പ്രോംകുമാർ | 119030100121, 07.0.2020 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | ഖ - 25 | 2001-02 | ഖ - 2-3-1 | അഞ്ചാലുംമൂട് ഷോപ്പിംഗ് കോംപ്ലക്സ് അപാകതകൾ | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |
| 1997-98 | ഖ - 26 | 2001-02 | ഖ - 2-3-(ii) | ധാന്യകറിപ്പൊടി നിർമ്മാണ യൂണിറ്റ് - പ്രോജക്ട് നടപ്പിലാക്കിയതിലെ അപാകതകൾ | നിയമസഭാസമിതിയുടെ പരിഗണനയിലാണ് |
| 1997-98 | ഖ - 27 | 2001-02 | ഖ - 2-3-(iii) | കശുവണ്ടി സംസ്കരണ വിപണന സംഘം - പ്രോജക്ട് നടപ്പിലാക്കിയതിലെ അപാകതകൾ | നിയമസഭാസമിതിയുടെ പരിഗണനയിലാണ് |
| 1997-98 | ഖ - 29 | 2001-02 | ഖ - 2-1-(iv) | മാർക്കറ്റിംഗ് സെയിൽസ് സഹകരണ സംഘം | നിയമസഭാസമിതിയുടെ പരിഗണനയിലാണ് |
| 1998-99 മുതൽ 2005-06 വരെ | ഖ - 3-9 | 2007-08 | 3-11-1 | അഞ്ചാലുംമൂട് ലേബർ കോപ്പറേറ്റീവ് സൊസൈറ്റി രജിസ്ട്രേഷൻ സംബന്ധിച്ച വിവരങ്ങൾ | നിയമസഭാസമിതിയുടെ പരിഗണനയിലാണ് |

| | | | | | |
|---|---|---|---|---|---|
| 1998-99 മുതൽ 2005-06 വരെ | 3-11-2 | 2007-08 | ഖ - 3-10 | റോഡ് റോളർ വാങ്ങിയതിലെ അപാകതകൾ | നിയമസഭാസമിതിയുടെ പരിഗണനയിലാണ്. |
| 1998-99 മുതൽ 2005-06 വരെ | ഖ - 3-24 | 2007-08 | ഖ - 3-11-3 | 1998-99 മുതൽ 2005-06 വരെ<br>വൃദ്ധസദനത്തിന്റെ കെട്ടിട നിർമ്മാണത്തിനായി തുക നൽകിയത് - പണി നടന്നിട്ടില്ല | നിയമസഭാസമിതിയുടെ പരിഗണനയിലാണ് |
| 2012-13, 2013-14 | (നിഷ്ക്രിയ ആസ്തികൾ) | 2014-15 | ഖ - 4-1-15 | തൃക്കടവൂർ സാമൂഹ്യ ആരോഗ്യ കേന്ദ്രത്തിനായി 5,50,596/- രൂപ ചെലവിട്ട് വാങ്ങിയ ആംബുലൻസ് നാശോന്മുഖമായി | നിയമസഭാസമിതിയുടെ പരിഗണനയിലാണ് |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 148800/- | - | ശ്രീ. എം. എസ്. അനിൽകുമാർ, സെക്രട്ടറി<br>ശ്രീ. ജ്യോതികുമാർ, സെക്രട്ടറി<br>ശ്രീ. ബി. രാധാകൃഷ്ണപിള്ള, സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-10 | 1,000,000/- | ശ്രീമതി സുഷമാ.കെ, സി.ഡി.പി.ഒ,ചിറ്റുമല |
| 1-11 | 45,637/- | ശ്രീ. കണ്ണനുണ്ണി, ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ |
| 1-12 | 5,00,000/- | ശ്രീമതി കവിതാ.പി.ആർ,സി.ഡി.പി.ഒ, അഞ്ചാലുമ്മൂട് |
| 1-14 | 1,710,000/- | ഡോ.ബിന്ദു.ഡി.എസ്, സീനിയർ വെറ്റിനറി സർജൻ |
| 1-15 | 93,100/- | ഡോ.ബിന്ദു.ഡി.എസ്, സീനിയർ വെറ്റിനറി സർജൻ |
| 1-17 | 9,31,540/- | ഡോ.അനിതാ.കെ.കുമാർ, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി |
| 1-18 | 42,816/- | എം.എസ്.അനിൽ കുമാർ, സെക്രട്ടറി |
| 1-19 | 1,00,000/- | എം.എസ്.അനിൽ കുമാർ, സെക്രട്ടറി |

| | | |
|---|---|---|
| 1-20-1 | 5,00,000/- | എം.എസ്.അനിൽ കുമാർ, സെക്രട്ടറി |
| 1-20-2 | 45,970/- | എം.എസ്.അനിൽ കുമാർ, സെക്രട്ടറി |
| 1-20-3 | 4,740,000/- | എം.എസ്.അനിൽ കുമാർ, സെക്രട്ടറി |

(ബി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഡി) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ എം. എസ്. അനിൽകുമാർ, സെക്രട്ടറി | വിരമിച്ചു | നിത്യ ചൈതന്യ ഭവൻ ഈസ്റ്റ്കല്ലട പി.ഒ. പിൻ- 691502 |
| ശ്രീ. ജ്യോതികുമാർ, സെക്രട്ടറി | സെക്രട്ടറി ചിറ്റുമല ബ്ലോക്ക് പഞ്ചായത്ത് | ഉത്രാടം, മൂന്നുകല്ലിന്മൂട് നെയ്യാറ്റിൻകര, തിരുവനന്തപുരം-695121 |
| ശ്രീ. ബി. രാധാകൃഷ്ണപിള്ള, സെക്രട്ടറി | വിരമിച്ചു | ഇന്ദീവരം, ഇഞ്ചവിള പി. ഒ. ചിറ്റയം, പെരിനാട്, കൊല്ലം |
| ഡോ. അനിതാ കെ. കുമാർ, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. കുണ്ടറ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. കുണ്ടറ | ഉഷസ്സ്, പാങ്ങപ്പാറ തിരുവനന്തപുരം പിൻ- 695581 |
| കവിതാ പി. ആർ സിഡിപിഒ അഞ്ചാലുമ്മൂട് | ഐ.സി.ഡി.എസ്, പാമ്പാടി | സന്തോഷ് ഭവൻ താഴം സൗത്ത്, ചാത്തന്നൂർ പി.ഒ. കൊല്ലം |
| സുഷമ കെ. സിഡിപിഒ ചിറ്റുമല | വിരമിച്ചു | 215പുത്തൻ പുരയിൽ പട്ടംതുരുത്ത് പി.ഒ. കൊല്ലം പിൻ 691601 |
| ഡോ. ബിന്ദു ഡി.എസ്. വെറ്ററിനറി സർജൻ, വെറ്ററിനറി ഹോസ്പിറ്റൽ കുണ്ടറ | വെറ്ററിനറി സർജൻ ചിറ്റുമല ബ്ലോക്ക് പഞ്ചായത്ത് | വാലു തുണ്ടിൽ ത്രുവേണി ജംഗ്ഷൻ പെരുമ്പുഴ പി.ഒ., കൊല്ലം |
| ശ്രീ. കണ്ണനുണ്ണി, ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | താലൂക്ക് ഇൻഡസ്ട്രിയസ് ഓഫീസ് കൊല്ലം | ഗായത്രി നീരാവിൽ, പെരിനാട് പി. ഒ, കൊല്ലം |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| 2004-05<br>2005-06 | കെ.എസ്സ്.എ-കെ.എൽ.എം-പി4/293/2020,<br>തീയതി-08.09.2020 | 1 |
| 2007-08 | കെ.എസ്സ്.എ-കെ.എൽ.എം-പി4/1094/2018,<br>തീയതി-04.09.2018 | 2 |
| 2008-09 | കെ.എസ്സ്.എ-കെ.എൽ.എം-പി4/291/2018,<br>തീയതി-23.05.2019 | 5 |
| 2009-10 | കെ.എസ്സ്.എ-കെ.എൽ.എം-പി4/1755/2018,<br>തീയതി-13.05.2019 | 8 |
| 2010-11 | കെ.എസ്സ്.എ-കെ.എൽ.എം-പി4/1232/2017,<br>തീയതി-14.05.2017 | 4 |
| 2011-12 | കെ.എസ്സ്.എ-കെ.എൽ.എം-പി4/1386/2017,<br>തീയതി-14.06.2018 | 4 |
| 2012-13<br>2013-14 | കെ.എസ്സ്.എ-കെ.എൽ.എം-പി4/1456/2018,<br>തീയതി-20.09.2019 | 5 |
| 2015-16 | കെ.എസ്സ്.എ-കെ.എൽ.എം-പി4/537/2018,<br>തീയതി-20.08.2018 | 1 |
| 2016-17 | കെ.എസ്സ്.എ-കെ.എൽ.എം-പി4/1124/2018,<br>തീയതി-27.07.2019 | 3 |
| 2017-18 | കെ.എസ്സ്.എ-കെ.എൽ.എം-പി4/434/2020(1),<br>തീയതി-19.08.2020 | 9 |
| 2018-19 | കെ.എസ്സ്.എ-കെ.എൽ.എം-പി4/1184/2020,<br>തിയതി : 24.02.2021 | 21 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കൊല്ലം ജില്ലയിലെ ചിറ്റുമല ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ ചിറ്റുമല ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം - 3

## അനുബന്ധ പത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം